# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE: 14.07.2026**

1) ഹോർമുസ് കടലിടുക്കിൽ രണ്ട് കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണങ്ങളെ അപലപിച്ച് ഇന്ത്യ. ഇറാൻ നയതന്ത്ര പ്രതിനിധിയെ വിളിച്ചു വരുത്തി വിദേശകാര്യമന്ത്രാലയം പ്രതിഷേധം അറിയിച്ചു.

2) ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയിയെ മറ്റന്നാൾ സന്ദർശിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

3) സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിർമിത ബുദ്ധി അധിഷ്ഠിത കൃഷി രീതികൾ ഈ വർഷം മുതൽ നടപ്പിലാക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ്.

4) ഓണവിപണി നടത്തിപ്പിനായി സപ്ലൈകോയ്ക്ക് 200 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. ഓണക്കിറ്റ് വിതരണത്തിന് 53 കോടി രൂപയും അനുവദിച്ചു.

5) സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി.

6) ഫിഫ ലോകകപ്പ് ആദ്യ സെമിയിൽ ഇന്ന് രാത്രി 12.30 ന് ഫ്രാൻസ് - സ്പെയിനെ നേരിടും

**************

RNU TVPM

## ഇന്ത്യ അപലപിച്ചു

ഹോർമുസ് കടലിടുക്കിൽ രണ്ട് കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണങ്ങളെ അപലപിച്ച് ഇന്ത്യ. ന്യൂഡൽഹിയിലെ ഇറാൻ എംബസ്സി ഉപമേധാവിയെ വിളിച്ചു വരുത്തി വിദേശകാര്യമന്ത്രാലയം പ്രതിഷേധം അറിയിച്ചു. 'എംടി അൽ ബഹിയ' , 'എംടി മൊംബാസ' എന്നീ കപ്പലുകളിലുണ്ടായിരുന്ന 46 ജീവനക്കാരിൽ 30 പേർ ഇന്ത്യക്കാരായിരുന്നു. ഇതിൽ ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. പശ്ചിമേഷ്യൻ മേഖലയിൽ വീണ്ടും സംഘർഷം രൂക്ഷമായതിൽ ആശങ്ക രേഖപ്പെടുത്തിയ ഇന്ത്യ, നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു. ഹോർമുസിലൂടെ സുരക്ഷിതമായ ചരക്കു ഗതാഗതം

ഉറപ്പുവരുത്തണമെന്നും വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി.

**************

## ആഭ്യന്തരമന്ത്രി - ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന് പിന്തുണ അഭ്യർത്ഥിച്ച് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയിയെ മറ്റെന്നാൾ സന്ദർശിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. 42 ദിവസം കൊണ്ട് ജനങ്ങൾ ഏറ്റെടുത്ത ഏറ്റവും വലിയ പദ്ധതിയായി ഓപ്പറേഷൻ തൂഫാൻ മാറിയതായും അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ തൂഫാൻറെ മധ്യതിരുവിതാംകൂർ മേഖലാതല ഉദ്ഘാടനം കോട്ടയത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. അതിർത്തി കടന്നുവരുന്ന ലഹരി തടയാൻ കേരളം മാത്രം വിചാരിച്ചാൽ സാധിക്കില്ലെന്നും അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ

ഇതിനായി കൈകോർക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു

**************

PNU TVPM

## മന്ത്രി ടി. സിദ്ദിഖ്

സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിർമിത ബുദ്ധി അധിഷ്ഠിത കൃഷി രീതികൾ ഈ വർഷം മുതൽ നടപ്പിലാക്കുമെന്ന് മന്ത്രി ടി. സിദ്ദിഖ്. തിരുവനന്തപുരം സിവിൽ സ്റ്റേഷനിൽ കാർഷിക പ്രദർശന മേളയുടെയും കർഷക, ശാസ്ത്രജ്ഞ മുഖാമുഖം പരിപാടിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനവും എൽനിനോ പ്രതിഭാസവും കാർഷിക മേഖലയ്ക്ക് വലിയ വെല്ലുവിളിയാകുന്ന പശ്ചാത്തലത്തിൽ, കൃത്യമായ കാലാവസ്ഥാ പ്രവചനം ലഭ്യമാക്കാനുള്ള സമീപനം കൃഷിവകുപ്പ് സ്വീകരിക്കും. കേന്ദ്ര കൃഷിമന്ത്രിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.

**************

## ഓണവിപണി - സപ്ലൈക്കോ

ഓണവിപണി നടത്തിപ്പിനായി സപ്ലൈകോയ്ക്ക് 200 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. എഎവൈ വിഭാഗത്തിൻറെ ഓണക്കിറ്റ് വിതരണത്തിന് 53 കോടി രൂപയും അനുവദിച്ചതായി മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു..

**************

## പാലക്കാട് - നെല്ല് ഇൻട്രോ

നെല്ലു സംഭരണത്തിനുള്ള കേന്ദ്രവിഹിതത്തിൽ നിന്ന് ലഭിച്ച തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ വിതരണം പുനരാരംഭിക്കാൻ സപ്ലൈകോ നടപടി തുടങ്ങി. 90.91 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..
(വോയിസ്)

**************

RNUTVPM

## ഇന്നും വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും ഭാഗിക വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി . പവർ എക്സ്ചേഞ്ചിൽ നിന്ന് ആവശ്യമായ വൈദ്യുതി

ലഭ്യമായില്ലെങ്കിൽ, വൈകുന്നേരത്ത് കൂടുതൽ വൈദ്യുതി ഉപഭോഗം ഉള്ള സമയങ്ങളിലാവും നിയന്ത്രണം . മഴക്കുറവും വൈദ്യുതി ഉപഭോഗം വർദ്ധിച്ചതുമാണ് ഇതിന് കാരണമായി പറയുന്നത്.

**************

## ഇന്ത്യ-യുകെ

ഇന്ത്യ–യുകെ സമഗ്ര സാമ്പത്തിക-വ്യാപാര കരാറുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള ആദ്യ ചരക്കുകളുടെ കയറ്റുമതി ഫ്ലാഗ് ഓഫ് കൊച്ചിൻ പോർട്ടിൽ നടന്നു. കൊച്ചി കസ്റ്റംസ് പ്രിവൻറീവ് കമീഷണർ ടി. ടിജു ഫ്ലാഗ്ഓഫ് നിർവഹിച്ചു. സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നാളെ മുതൽ പ്രാബല്യത്തിൽ വരും . ചരിത്രപരമായ ഈ കരാറിലൂടെ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉൽപ്പന്നങ്ങൾക്കും, യുകെ വിപണിയിൽ നികുതി ഇളവ് ലഭിക്കും

RNU TVM

**************

## വിയറ്റ്നാം -സംസ്കാര ചടങ്ങുകൾ

വിയറ്റ്നാം ബോട്ട് അപകടത്തിൽ മരിച്ച മലയാളികളായ എ.സി തോമസ്, ഭാര്യ ലവ്നി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ ജന്മനാടായ കൊട്ടാരക്കരയിൽ എത്തിച്ചു. മുംബൈയിൽ നിന്നും വിമാനമാർഗ്ഗം ഇന്ന് രാവിലെ തിരുവനന്തപുരത്ത് എത്തിച്ച മൃതദേഹങ്ങൾ മന്ത്രിമാരായ പി സി വിഷ്ണുനാഥ്, സി പി ജോൺ, കൊടിക്കുന്നിൽ സുരേഷ് എം പി എന്നിവർ ഏറ്റുവാങ്ങി. നാളെ രാവിലെ 10 മണിക്ക് ജൂബിലി മന്ദിര ചാപ്പലിൽ നടക്കുന്ന പൊതുദർശനത്തിന് ശേഷം വൈകിട്ട് മൂന്നിന് കൊട്ടാരക്കര മാർത്തോമ്മ പള്ളിയിൽ സംസ്കാര ചടങ്ങുകൾ നടക്കും.

**************

## യാക്കോബായ സുറിയാനി സഭ

യാക്കോബായ സുറിയാനി സഭ പുതുതായി രൂപീകരിച്ച തിരുവനന്തപുരം മേഖലയുടെ മെത്രാപൊലീത്തയായി ഡോ. കുര്യാക്കോസ് മാർ തെയോഫിലോസിന്റെ സ്ഥാനാരോഹണ ശുശ്രൂഷകൾ നാളെ വൈകിട്ട് നടക്കും. തിരുവനന്തപുരം സെൻറ് പീറ്റേഴ്സ് യാക്കോബായ കത്തീഡ്രലിലാണ് ചടങ്ങുകൾ. തുടർന്നു നടക്കുന്ന സ്വീകരണ ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ അടക്കമുള്ളവർ പങ്കെടുക്കും.

**************

## സുഗതൻ സത്യപ്രതിജ്ഞ

ഹൈകോടതി ഉത്തരവിനെ തുടർന്ന്, തിരുവനന്തപുരം കോർപറേഷനിലെ ബി.ജെ.പി കൗൺസിലർ ആർ.സുഗതൻ വിയ്യൂർ സെൻട്രൽ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു. മേയർ
വി വി രാജേഷ് സത്യവാചകം ചൊല്ലിക്കൊടുത്തു. കാപ്പ കേസിൽ പ്രതിയായതിനാൽ ജയിലിൽ നിന്നും പുറത്തു വിടാനാകാത്ത സാഹചര്യമാണെന്ന് സംസ്ഥാന സർക്കാർ ഹൈകോടതിയിൽ അറിയിച്ചിരുന്നു.

RNU TVPM

**************

## നടിയെ ആക്രമിച്ച കേസ്

നടിയെ ആക്രമിച്ച കേസിൽ ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യ പ്രതി പൾസർ സുനി സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. പൾസർ സുനി ഉൾപ്പെടെ 6 പ്രതികൾക്ക് 20 വർഷം തടവ് ശിക്ഷയാണ് വിചാരണ കോടതി വിധിച്ചത്. ശിക്ഷ റദ്ദാക്കാനുള്ള യാതൊരു സാഹചര്യവും നിലവിൽ ഇല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു

**************

## രാമായണ മാസം - കോ ട്ടയം - ഇൻട്രോ

രാമായണ മാസം ആരംഭിക്കാനിരിക്കേ തീർഥാടകരെ വരവേൽക്കാൻ കോട്ടയം രാമപുരത്തെ നാലമ്പലങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. ഈ മാസം 17 നാണ് കർക്കടകം ഒന്ന്.

ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ തയ്യാറാക്കിയ റിപ്പോർട്ട്...
(വോയിസ്)

**************

## ഡോക്യുമെന്ററി- ഹ്രസ്വചിത്രമേള

18-ാമത് രാജ്യാന്തര ഡോക്യുമെൻററി, ഹ്രസ്വചിത്രമേള ഒക്ടോബർ 2 മുതൽ 7 വരെ തിരുനന്തപുരത്ത് നടക്കും. കൈരളി, ശ്രീ, നിള തിയേറ്ററുകളിലായാണ് മേള നടക്കുക. മേളയിലേക്ക് 1,741 എൻട്രികൾ ഇതിനകം ലഭിച്ചതായി മന്ത്രി പി സി വിഷ്ണുനാഥ് അറിയിച്ചു.

**************

## കെ.എസ്.ഇ.ബി

കെ.എസ്.ഇ.ബി വൈദ്യുത പോസ്റ്റുകളിലും, മറ്റ് പോസ്റ്റുകളിലും സ്ഥാപിച്ചിരിക്കുന്ന കേബിൾ ടി.വി., ഇന്റർനെറ്റ് കേബിളുമായി ബന്ധപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സംസ്ഥാന സർക്കാർ പുറത്തിറക്കി. അനധികൃത കേബിളുകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട കേബിൾ ടി.വി. ഓപ്പറേറ്റർക്കോ ഇന്റർനെറ്റ് സേവനദാതാവിനോ 15 ദിവസത്തിനകം നീക്കം ചെയ്യാൻ നോട്ടീസ് നൽകും. നിർദേശിച്ച സമയത്തിനുള്ളിൽ നീക്കം ചെയ്തില്ലെങ്കിൽ കെഎസ്.ഇ.ബി. തന്നെ കേബിളുകൾ മുറിച്ചുമാറ്റും. പൊതുജനങ്ങൾക്ക് ഇവ സൃഷ്ടിക്കുന്ന സുരക്ഷാ ഭീഷണി സംബന്ധിച്ച് മനുഷ്യാവകാശ കമ്മിഷൻ നൽകിയ നിർദേശത്തെ തുടർന്നാണ് നടപടി.

**************

RNUTVPM

## ഫിഫ

ഫിഫ ലോകകപ്പ് സെമിഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ത്യൻ സമയം ഇന്ന് രാത്രി 12.30 ന് നടക്കുന്ന ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. നാളെ രാത്രി 12.30 ന് നടക്കുന്ന രണ്ടാം സെമിയിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

**************

## നാസ ബഹിരാകാശ യാത്രികൻ

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീണ്ടുനിൽക്കുന്ന ദൗത്യത്തിനായി ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോ ഡ്രോമിൽ നിന്ന് റോസ് കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിൻറെ ഭാഗമായാണ് യാത്ര. ഇന്ത്യൻ സമയം രാത്രി 8:17-നാണ് വിക്ഷേപണം. ബുധനാഴ്ച പുലർച്ചെ 1:25-ഓടെയാണ് യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പ്രവേശിക്കുക.

RNU TVPM

**************

## ബുക് എക്സിബിഷൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പബ്ലിക്കേഷൻസ് ഡിവിഷൻ്റെ സമ്മർ ബുക് എക്സിബിഷൻ തിരുവനന്തപുരത്ത് തുടങ്ങി. സെക്രട്ടേറിയറ്റിനു സമീപം പ്രസ് റോഡിലുള്ള പബ്ലിക്കേഷൻസ് ഡിവിഷൻ എംപോറിയത്തിൽ നടക്കുന്ന പ്രദർശനത്തിൽ പത്തു മുതൽ 90 ശതമാനം വരെ കിഴിവോടെ പുസ്തകങ്ങൾ ലഭിക്കും. പ്രദർശനം ഈ മാസം 17 ന് സമാപിക്കും.

**************

## ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 41 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 210 റൺസ് എന്ന നിലയിൽ. ട്വന്റി20 പരമ്പരയിലെ തോൽവി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും വിജയവഴിയിൽ തിരിച്ചെത്താൻ ഉറപ്പിച്ചാണ് ടീം ഇന്ത്യ ഇന്ന് മത്സരത്തിനിറങ്ങിയിരിക്കുന്നത്

**************

***********

****

RNU TVPM